"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ്-07-01-2021-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ - ആര്യാട് ബ്ലോക്ക് പഞ്ചായത്ത്-സ്ത്രീ സൗഹൃദ ആര്യാട് - വിവിധ പ്രദേശങ്ങളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ എന്ന പ്രോജക്റ്റിന് അനുമതി നൽകി ഉത്തരവാകുന്നു.

---

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(സാധാ) നം.325/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 08/02/2021

---

പരാമർശം:- 1 12.08.2020-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.53-ാം നമ്പർ തീരുമാനം

2 ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 10.11.2020-ലെ കത്ത്

3 07.01.2021-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.5-ാം നമ്പർ തീരുമാനം

<u>ഉത്തരവ്</u>

ആര്യാട് ബ്ലോക്ക് പഞ്ചായത്ത് 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ആവിഷ്കരിച്ചിരിക്കുന്ന 'സ്ത്രീ സൗഹൃദ ആര്യാട് - വിവിധ പ്രദേശങ്ങളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ' എന്ന പ്രോജക്റ്റ് നടപ്പാക്കാൻ അനുമതി നൽകണമെന്ന ബ്ലോക്ക് പഞ്ചായത്തിന്റെ അപേക്ഷയിൽ സർക്കാരിന്റെ നിലവ് പദ്ധതി കൂടി പരിഗണിച്ച് അതാത് ഗ്രാമപഞ്ചായത്തുകളുമായി ചർച്ച ചെയ്ത് റിപ്പോർട്ട് സഹിതം സമർപ്പിക്കാൻ പരാമർശം (1) പ്രകാരം നിർദ്ദേശം നൽകിയിരുന്നു. മണ്ണഞ്ചേരി, ആര്യാട്, മാരാരിക്കുളം തെക്ക് എന്നീ ഗ്രാമപഞ്ചായത്തുകൾ ഭാവിയിൽ ഇതിന്റെ ആവർത്തന ചെലവ് വഹിക്കുന്നതാണെന്ന് അറിയിച്ചിട്ടുള്ളതായി കോഓർഡിനേഷൻ കമ്മിറ്റിയിൽ റിപ്പോർട്ട് ചെയ്തതനുസരിച്ച് ടി പഞ്ചായത്തുകളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കാൻ പരാമർശം (3) പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഉപയോഗിക്കുന്നത് എൽ.ഇ.ഡി.ലാംബ് ആവണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

2. മേൽ വിവരിച്ച സാഹചര്യത്തിൽ ആര്യാട് ബ്ലോക്ക് പഞ്ചായത്ത് 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ആവിഷ്കരിച്ചിരിക്കുന്ന 'സ്ത്രീ സൗഹൃദ ആര്യാട് - വിവിധ പ്രദേശങ്ങളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ' എന്ന പ്രോജക്റ്റ് ഭാവിയിൽ ഇതിന്റെ ആവർത്തന ചെലവ് വഹിക്കാൻ ഭരണ സമിതി തീരുമാനമെടുത്തിട്ടുള്ള ഗ്രാമപഞ്ചായത്തുകളിൽ നടപ്പാക്കാൻ അനുമതി നൽകി ഉത്തരവാകുന്നു. മിനി മാസ്റ്റ് ലൈറ്റുകളിൽ എൽ.ഇ.ഡി.ലാമ്പുകൾ ആകണം ഉപയോഗപ്പെടുത്തേണ്ടത്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ജയശ്രീ പി. എൻ**

**അണ്ടർ സെക്രട്ടറി**

പകർപ്പ്

പ്രസിഡണ്ട്/സെക്രട്ടറി, ആര്യാട് ബ്ലോക്ക് പഞ്ചായത്ത്,ആലപ്പുഴ

ജില്ലാ പ്ലാനിംഗ് ഓഫീസർ, ആലപ്പുഴ

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ത.സ്വ.ഭ.(ഡി.എ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NISAM N
Date: 2021.02.09 11:45:57 IST
Reason: Approved
സെക്ഷൻ ഓഫീസർ